പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2750 27.01.2014 -ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമ നിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) പരിഗണനയിലുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾക്ക് കർശന രജിസ്ട്രേഷനും ക്ഷേമനിധിയും ഉറപ്പാക്കുന്ന കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ 2013 തയ്യാറാക്കിയത് സർക്കാരിന്റെ പരിഗണനയിലാണ് |
| (ബി) അന്യസംസ്ഥാന തൊഴിലാളികളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) അന്യസംസ്ഥാന തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിക്കുന്ന തൊഴിലുടമകൾ മുഖേന ടി തൊഴിലാളികളുടെ നിർബന്ധിത രജിസ്ട്രേഷൻ, ചികിത്സാ ധനസഹായം, അപകട മരണ ആശ്വാസ ധനസഹായം, ഇൻറർസ്റ്റേറ്റ് മൈഗ്രൻറ് വർക്കേഴ്സ് (RE& CS) നിയമത്തിൻെറ പരിരക്ഷയില്ലാത്ത അന്യ സംസ്ഥാന തൊഴിലാളികൾക്കും താമസ സൗകര്യം തുടങ്ങിയ വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) ഇതിനുള്ള നിയമ നിർമ്മാണ പ്രക്രിയ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ ? | (സി) സർക്കാരിൻെറ പരിഗണനയിലാണ്. |

സെക്ഷൻ ആഫീസർ.